SOCIAL JUSTICE DEPARTMENT
care, protection & empowerment

കേരള സർക്കാർ | സാമൂഹ്യനീതി വകുപ്പ്

**2021 ഡിസംബർ 3**

**അന്താരാഷ്ട്ര ഭിന്നശേഷി ദിനാഘോഷം**

# " ഉണർവ് " 2021

ഭിന്നശേഷിക്കാർക്കായി ഓൺലൈൻ മത്സരങ്ങൾ

**മത്സര ഇനങ്ങളുടെ വീഡിയോ/ഫോട്ടോ എന്നിവ**

**നവംബർ 25-നുള്ളിൽ**

അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസുകളിൽ ഇ-മെയിൽ മുഖേന ലഭ്യമാക്കേണ്ടതാണ്

## മത്സര ഇനങ്ങൾ

- കഥാരചന
- പാട്ട് : സിങ്കിൾ, ഗ്രൂപ്പ്
- ഉപന്യാസ രചന മത്സരം
- ഡാൻസ് : സിങ്കിൾ, ഗ്രൂപ്പ്
- ഷോർട്ട് ഫിലിം
- ചിത്ര രചനാ മത്സരം

# "ഉണർവ് " 2021– ആഘോഷ പരിപാടികൾ

## ഭിന്നശേഷിക്കാർക്കായുള്ള വിവിധ കലാമത്സരങ്ങൾ

### a) കഥാരചന

ഭിന്നശേഷിക്കാരുടെ സർഗ്ഗാത്മക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിന് കഥാരചന മത്സരം സംഘടിപ്പിക്കുന്നു. എല്ലാ വിഭാഗം ഭിന്നശേഷിക്കാരായ വ്യക്തികൾക്കും ഇതിൽ പങ്കെടുക്കാം. മത്സരത്തിൽ അയക്കുന്ന കഥ മറ്റ് മാസികകളിലോ, മറ്റ് മാധ്യമങ്ങളിലോ പ്രസിദ്ധീകരിച്ചവയാകരുത്.



### b) പാട്ട് (സിങ്കിൾ, ഗ്രൂപ്പ് )



എല്ലാ വിഭാഗം ഭിന്നശേഷിക്കാർക്കും പങ്കെടുക്കാവുന്ന പാട്ട് മത്സരത്തിൽ ഇഷ്ടമുള്ള പാട്ട് തെരഞ്ഞെടുക്കാവുന്നതാണ്. 3 മിനുട്ട് വരെ ദൈർഘ്യമുള്ള പാട്ട് പാടുന്ന വീഡിയോ റെക്കോർഡ് ചെയ്ത് അയക്കേണ്ടതാണ്. ഗ്രൂപ്പ് മത്സരത്തിൽ ഭിന്നശേഷിക്കാർക്കായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെയോ, സംഘടനകളുടെയോ പേരിൽ മത്സരിക്കാവുന്നതാണ്. പരമാവധി 5 മിനുട്ട് വരെ മാത്രം ദൈർഘ്യമുള്ള ഏത് ഗാനവും ആലപിക്കാവുന്നതാണ്. പാട്ട് പാടുന്ന വീഡിയോ റെക്കോർഡ് ചെയ്ത് അയക്കേണ്ടതാണ്.

### c) ഉപന്യാസ രചന

**(വിഷയം: കോവിഡും ഭിന്നശേഷിക്കാരുടെ ആരോഗ്യ പരിപാലനവും)**

എല്ലാ വിഭാഗം ഭിന്നശേഷിക്കാർക്കും ഉപന്യാസ മത്സരത്തിൽ പങ്കെടുക്കാം. ഉപന്യാസം 2 പുറത്തിൽ കവിയരുത്. രചനകളുടെ വ്യക്തതയുള്ള സ്കാൻ ചെയ്ത JPEG/PDF ഫയൽ അയക്കേണ്ടതാണ്.



## d) ഗ്രൂപ്പ് ഡാൻസ്

എല്ലാ വിഭാഗം ഭിന്നശേഷിക്കാർക്കും ഈ വിഭാഗത്തിൽ മത്സരിക്കാവുന്നതാണ്. ഭിന്നശേഷിക്കാർക്കായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെയോ, സംഘടനകളുടെയോ പേരിൽ ഗ്രൂപ്പ് ഡാൻസ് മത്സരത്തിൽ പങ്കെടുക്കാം.

## e) സിങ്കിൾ ഡാൻസ്



ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന ഭിന്നശേഷിക്കാരായ ആളുകൾക്ക് വേണ്ടിയാണ് ഈ മത്സരം സംഘടിപ്പിക്കുന്നത്. 8 മിനുട്ടിൽ അധികരിക്കാത്ത ദൈർഘ്യമുള്ള ഡാൻസിന്റെ വീഡിയോ റെക്കോർഡ് ചെയ്ത് അയച്ച് നൽകേണ്ടുന്നതാണ്. പ്രസ്തുത മത്സരം 3 ഗ്രൂപ്പുകളായി തിരിച്ച് നടത്തുന്നതാണ്.

ഗ്രൂപ്പ് –I 5 വയസ്സ് മുതൽ 12 വയസ്സ വരെയുള്ളവർ.<br>
ഗ്രൂപ്പ് –II 13 വയസ്സ മുതൽ 18 വയസ്സ വരെയുള്ളവർ.<br>
ഗ്രൂപ്പ് –III 18 വയസ്സിന് മുകളിൽ പ്രായമുള്ളവർ.

## f) ഷോർട്ട് ഫിലിം (വിഷയം : തനിച്ചല്ല നിങ്ങൾ, ഒപ്പമുണ്ട് ഞങ്ങൾ)




സ്പെഷ്യൽ സ്കൂളുകൾ, ബഡ്സ് സ്കൂളുകൾ, എസ്.എസ്.കെ, VTC, ക്ഷേമ സ്ഥാപനങ്ങൾ, എന്നിവിടങ്ങളിലെ ഭിന്നശേഷിക്കാരെ ഉൾപ്പെടുത്തി തയ്യാറാക്കുന്ന 2 മിനുട്ടിൽ കുറയാത്തതും 5 മിനുട്ടിൽ കൂടാതെയുമുള്ള ഷോർട്ട് ഫിലിമുകൾ മൽസരത്തിന് അയക്കാവുന്നതാണ്.. ഷോർട്ട് ഫിലിമിൽ 80% പേർ ഭിന്നശേഷിക്കാർ ആയിരിക്കണം.

## g) ചിത്ര രചനാ മത്സരം

### (വിഷയം : തനിച്ചല്ല നിങ്ങൾ, ഒപ്പമുണ്ട് ഞങ്ങൾ)



എല്ലാ ഭിന്നശേഷിക്കാരായ വ്യക്തികൾക്കും ചിത്ര രചനാ മത്സരത്തിൽ പങ്കെടുക്കാം. ചിത്രങ്ങളുടെ വ്യക്തതയുള്ള JPEG/ PDF ഫയലുകൾ അയച്ച് നൽകേണ്ടതാണ്.

SOCIAL JUSTICE DEPARTMENT

care, protection & empowerment

## പ്രത്യേക ശ്രദ്ധയ്ക്ക്

**2021 നവംബർ 25-നകം** മത്സര വീഡിയോ/രചനകൾ അതാത് ജില്ലകളുടെ ഇ-മെയിൽ വിലാസത്തിൽ അയക്കാൻ ശ്രദ്ധിക്കുക. എല്ലാ മത്സരാർഥികളും ഭിന്നശേഷി സർട്ടിഫിക്കറ്റിന്റെ പകർപ്പും ഉള്ളടക്കം ചെയ്യേണ്ടതാണ്.

| ക്രമ നം. | ജില്ല | ഇ-മെയിൽ |
|---|---|---|
| 1. | തിരുവനന്തപുരം | pwddaytvm@gmail.com |
| 2. | കൊല്ലം | pwddayklm@gmail.com |
| 3. | പത്തനംതിട്ട | pwddaypta@gmail.com |
| 4. | ആലപ്പുഴ | pwddayalpy@gmail.com |
| 5. | കോട്ടയം | pwddayktm@gmail.com |
| 6. | ഇടുക്കി | pwddayidk@gmail.com |
| 7. | എറണാകുളം | pwddayekm@gmail.com |
| 8. | തൃശ്ശൂർ | pwddaythsr@gmail.com |
| 9. | പാലക്കാട് | pwddaypkd@gmail.com |
| 10. | മലപ്പുറം | pwddaymlp@gmail.com |
| 11. | കോഴിക്കോട് | pwddaykkd@gmail.com |
| 12. | വയനാട് | pwddaywyd@gmail.com |
| 13. | കണ്ണൂർ | pwddayknr@gmail.com |
| 14. | കാസർഗോഡ് | pwddayksgd@gmail.com |